# KANNUR
## DIOCESAN GAZETTE
# കണ്ണൂർ രൂപതാ ഗസറ്റ്

Vol: XVI    2014 April 5    No: 1


## ഇടയലേഖനം

യേശുവിൽ പ്രിയ വൈദീക സഹോദരരേ, സന്യാസ സഹോദരന്മാരേ, സഹോദരിമാരേ, വത്സല മക്കളേ,

ദൈവത്തിന്റെ നിരവധിയായ അനുഗ്രഹങ്ങൾ ഓർത്ത്, നന്ദി നിറഞ്ഞ ഹൃദയത്തോടും, പ്രതീക്ഷാ നിർഭരമായ മനസ്സോടും കൂടിയാണ് ഈ പ്രഥമ ഇടയലേഖനം നിങ്ങൾക്ക് എഴുതുന്നത്. രക്ഷകനായ യേശുവിനെ ഓശാനപാടി എതിരേല്ക്കുന്ന കുരുത്തോല ഞായർ മുതൽ, കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും ഓർമ്മത്തിരുനാളായ പെസഹാ വ്യാഴവും, കാൽവരിയിലെ മഹാത്യാഗത്തിന്റെ അനുസ്മരണമായ ദു:ഖവെള്ളിയും, നീതിസൂര്യനായ ക്രിസ്തു ശാന്തിസമ്മാനമായി നമ്മിൽ ഉദയം ചെയ്യുന്ന ഉയിർപ്പു ഞായറും ഉൾക്കൊള്ളുന്ന ഈ അനുഗ്രഹീത കാലം ഇപ്രകാരം ഒരു ഇടയലേഖനത്തിന് യോജിച്ച അവസരമായി കരുതുകയാണ്. 117–ാം സങ്കീർത്തനം ഉദ്ധരിച്ച്, നിങ്ങളോട് ആഹ്വാനം ചെയ്യുന്നു:

“ജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ. ജനപദങ്ങളേ കർത്താവിനെ പുകഴ്ത്തുവിൻ. നമ്മോടുള്ള അവിടുത്തെ കാരുണ്യം ശക്തമാണ്. കർത്താവിന്റെ വിശ്വസ്തത

എന്നേയ്ക്കും നിലനില്ക്കുന്നു. കർത്താവിനെ സ്തുതിക്കുവിൻ!"

### 1. കൂട്ടായ്മയുടെ മഹത്തായ അനുഭവം

കണ്ണൂർ രൂപതാ മക്കളുടെ മഹത്തായ വിശ്വാസ പാരമ്പര്യവും കൂട്ടായ്മയും വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു 2014 മാർച്ച് 23-ാം തിയ്യതി ബർണ്ണശ്ശേരി കത്തീഡ്രൽ അങ്കണത്തിൽ വച്ചു നടത്തിയ മെത്രാഭിഷേക തിരുക്കർമ്മങ്ങൾ. പാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി, അന്നത്തെ മുഖ്യകാർമ്മികൻ ആർച്ച്ബിഷപ്പ് സാൽവത്തോരെ പെനാക്കിയോയും, സഹകാർമ്മികരായ 28 മറ്റ് പിതാക്കന്മാരും, മറ്റു രൂപതകളിൽ നിന്നും പങ്കെടുത്ത വൈദീകരും വിശ്വാസികളും ഭക്തിനിർഭരമായ ആരാധനാക്രമത്തെപ്പറ്റിയും, സുഗമമായി നടന്ന പരിപാടികളെ സംബന്ധിച്ചും, താല്പര്യത്തോടെയും തീക്ഷണതയോടെയും വന്നുചേർന്ന വൻ ജനാവലിയെക്കുറിച്ചും മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. അതു കേട്ടപ്പോൾ നിങ്ങളുടെ പുതിയ ഇടയൻ എന്ന നിലയിൽ എനിക്ക് ഏറെ അഭിമാനം തോന്നി. ഒത്തിരി സന്തോഷവും സംതൃപ്തിയും തോന്നി. കൂട്ടായ്മയുടെ ഈ വലിയ വിജയത്തിന് ദൈവത്തെ സ്തുതിക്കാം.

### 2. എന്നെന്നും നന്ദിയോടെ

2014 മാർച്ച് 31 ന് നാം നമ്മുടെ ഹോളി ട്രിനിറ്റി കത്തീഡ്രലിൽ ഒരുമിച്ചു വന്ന് ദിവ്യപൂജ അർപ്പിച്ചതും കണ്ണൂർ സ്റ്റേഡിയം കോർണറിൽ പൗരാവലിയോടൊപ്പം ഒന്നുചേർന്നതും 1999-ൽ ഈ കണ്ണൂർ രൂപത സ്ഥാപിച്ച നാൾ മുതൽ, നേതൃത്വം നൽകി നമ്മെ വളർത്തിയ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിന് നന്ദിയർപ്പിക്കുവാനായിരുന്നു. കത്തീഡ്രൽ മുതൽ നിരവധി ദേവാലയങ്ങളുടെയും വൈദീകമന്ദിരങ്ങളുടെയും നിർമ്മാണവും, പല സ്ക്കൂളുകൾ, കൈയ്റോസ്, സാന്ത്വന ഭവനം, ഹോളി മൗണ്ട് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ സ്ഥാപനവും വികസനവും, ഇതെല്ലാം നടത്തിയതിന്റെ പിന്നിൽ വാത്സല്യനിധിയായ ചക്കാലക്കൽ പിതാവിന്റെ ത്യാഗപൂർണ്ണമായ അദ്ധ്വാനവും കണ്ണീരും കഷ്ടപ്പാടും നിരന്തരമായ പ്രാർത്ഥനയും ഉണ്ട്. അഭിവന്ദ്യ വർഗ്ഗീസ് പിതാവിനെ

എന്നെന്നും നന്ദിയോടെ നമുക്ക് ഓർക്കാം.

മെത്രാഭിഷേകത്തിന്റെയും യാത്രയയപ്പു പരിപാടികളുടെയും വിജയത്തിന് സഹകരിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുകയാണ്. ആരാധനക്രമം, ഗായകസംഘം, സ്റ്റേജ്, ഡെക്കറേഷൻ, ഡോക്ക്യുമെന്റേഷൻ, പ്രോഗ്രാം, വാളണ്ടിയേഴ്സ്, ഭക്ഷണം, ട്രാൻസ്പോർട്ട്, ഫിനാൻസ് തുടങ്ങിയ എല്ലാ കമ്മറ്റികളിൽ പ്രവർത്തിച്ച ഓരോരുത്തരെയും, ഇതിന്റെയെല്ലാം പിന്നിൽ ജനറൽ കൺവീനറായി നേതൃത്വം നല്കിയ മോൺ. ദേവസി ഈരത്തറയെയും, സഹായിച്ച എല്ലാവരെയും കർത്താവിന്റെ കരങ്ങളിൽ കൃതജ്ഞതയോടെ സമർപ്പിച്ചു കൂടുതൽ കൃപകൾക്കായി പ്രാർത്ഥിക്കുന്നു.

### 3. ഒരുമയിൽ പ്രതീക്ഷയോടെ, പ്രാർത്ഥനയോടെ

അജപാലന ശുശ്രൂഷയ്ക്കും സഭാനേതൃത്വത്തിനും പുതിയ ഒരു ശൈലിയും ദിശാബോധവും സമ്മാനിച്ച ഫ്രാൻസിസ് പാപ്പ, 2014 ഫെബ്രുവരി 1-ാം തീയതി കണ്ണൂർ രൂപതയുടെ അജപാലനാ ശുശ്രൂഷാ നേതൃത്വം എന്നെ ഏൽപ്പിച്ചിരിക്കുന്നു എന്നത് വലിയ ഒരു ഉത്തരവാദിത്വമായി ഞാൻ കാണുകയാണ്. ഈ പശ്ചാത്തലത്തിൽ എന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്, 'കർത്താവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷിയാകാൻ' എന്നതാണ്.

സഭയിലെ ശുശ്രൂഷാധർമ്മത്തെക്കുറിച്ച് ഫ്രാൻസിസ് പാപ്പ നൽകുന്ന പ്രബോധനങ്ങൾ ചിന്തോദീപ്തങ്ങളാണ്. അദ്ദേഹം പറഞ്ഞു: 'സ്വന്തം സഹോദരനെ കഴുകി, കുളിപ്പിച്ച്, എഴുന്നേല്പ്പിക്കുന്ന നല്ല സമരിയാക്കാരനെ പോലെ സഭയുടെ ശുശ്രൂഷകർ കരുണയുള്ളവരും, ജനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരും, അവരോടുകൂടെ നടക്കുന്നവരുമായിരിക്കണം.... ഇരുളുനിറഞ്ഞ രാത്രികളിൽ അവരുടെ കൂടെ നടക്കുന്നവരും, അവരോടു സംഭഷണത്തിലേർപ്പെടാനും അവരുടെ ഇരുട്ടിലേക്ക് ഇറങ്ങിചെല്ലാൻ അറിയാവുന്നവരും ആയിരിക്കണം, സുവിശേഷത്തിന്റെ ശുശ്രൂഷകർ.... ആരും പിന്നിൽ തഴയപ്പെട്ടു പോകാതിരിക്കത്തക്കവണ്ണം ജനങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ പ്രസ്ഥാനങ്ങളെ ക്ഷമയോടെ പിന്തുണക്കാൻ പ്രത്യേകിച്ച് മെത്രാന്മാർക്ക് കഴിയണം. അതോടൊപ്പം പുതിയ

വഴികൾ കണ്ടെത്താൻ അഭിരുചിയുള്ള ആടുകളുടെ കൂടെ നട ക്കാനും അവർക്കു കഴിയണം.' (Interview with Fr. Antonio Spadoro S.J., La Civilta Cattolica, 19 Sept. 2013).

കണ്ണൂർ രൂപതയെ ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കണ്ട റിഞ്ഞ് നയിക്കാനും വളർത്തുവാനും വേണ്ട വിശുദ്ധിയും, വിജ്ഞാനവും, വിവേകവും ഉണ്ടാകുവാൻ നിങ്ങൾ എല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് എളിമയോടെ അഭ്യർത്ഥിക്കുകയാണ്. ഈ രൂപത ഒരു കുടുംബമായി കൂട്ടാ യ്മയിൽ പ്രവർത്തിക്കുമ്പോൾ, വൈദീകരും, സന്യാസീ സന്യാ സിനികളും, അൽമായരും ഒരുമിച്ച് ക്രിയാത്മകമായി ദൈവപ രിപാലനയിൽ നിലകൊള്ളുമ്പോൾ, എല്ലാ വിധത്തിലുള്ള വളർച്ചയും ഉയർച്ചയും നമുക്കുണ്ടാകും. 'നാമെല്ലാവരും ഒരു ഹൃദയവും ആത്മാവുമായി വ്യാപരിക്കാൻ' (നടപടി 4:32), പരി ശുദ്ധ ത്രിത്വൈക ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വരപ്രസാദമാതാവ് നമ്മെ സഹായി ക്കട്ടെ.

നിങ്ങളോട് എനിക്കുള്ള പൈതൃക സ്നേഹത്തിന്റെ അട യാളമായി പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാ വിന്റെയും + നാമത്തിൽ നിങ്ങളെ ഞാൻ ആശീർവ്വദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ബിഷപ്സ് ഹൗസിൽനിന്നും 2014 ഏപ്രിൽ 5-ാം തിയ്യതി,

സ്നേഹപൂർവ്വം,

കണ്ണൂർ
05-04-2014

**✠ അലക്സ് വടക്കുംതല**
കണ്ണൂർ രൂപതാ മെത്രാൻ

---

**NB:** *അടുത്ത ഞായറാഴ്ച (ഏപ്രിൽ 13 ന് ) വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ദേവാലയങ്ങളിലും കപ്പേളകളിലും ഈ ഇട യലേഖനം വായിക്കേണ്ടതാണ്.*